## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2353 — 01.04.2013-ൽ മറുപടിക്ക്

### ജീവിത ശൈലി രോഗങ്ങളും - ആരോഗ്യബോധവത്ക്കരണ ക്ലാസ്സുകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എഫ് തോമസ് :<br>,, റ്റി. യു. കുരുവിള : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിത ശൈലി രോഗങ്ങളും കാൻസർ ഉൾപ്പെടെ ഉള്ള മാരകരോഗങ്ങളും സംസ്ഥാനത്ത് വ്യാപകമാകുന്ന സാഹചര്യത്തിൽ ഇതിനെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ജനങ്ങൾക്ക് അവബോധം നൽകുവാനും ഇത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിനും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന എൻ.പി.സി.ഡി.സി.എസ്. പദ്ധതിയുടെയും (നാഷണൽ പ്രോഗ്രാം ഫോർ പ്രിവന്റീവ് ആന്റ് കൺട്രോൾ ഓഫ് ക്യാൻസർ, ഡയബെറ്റിക്, കാർഡിയോവാസ്കുലർ ഡയജസസ് ആന്റ് സ്ട്രോക്ക് പ്രോഗ്രാം), സംസ്ഥാന പദ്ധതിയായ എൻ.സി.ഡി. കൺട്രോൾ പ്രോഗ്രാമിന്റെയും ഭാഗമായി പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നടന്നുവരുന്നു. ഭക്ഷണം, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾ ഒഴിവാക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയവയാണ് ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ ഊന്നിപ്പറയുന്നത്. ഇതിനായി ജെ.എച്ച്.ഐ.-മാർ, ജെ.പി.എച്ച്.എൻ, ആശാപ്രവർത്തകർ/മെഡിക്കൽ ഓഫീസർമാർ/എൻ.ജി.ഒ-മാർ തുടങ്ങിയവർ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇതിനുപുറമേ സ്കൂൾ/കോളേജ് ക്യാമ്പസുകൾ കേന്ദ്രീകരിച്ചും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ശാസ്ത്രീയപഠനം നടത്തുന്നത് സംബന്ധിച്ച് നിർദ്ദേശം ഒന്നും നിലവിൽ പരിഗണനയിലില്ല. |
| (ബി) ബ്ലഡ് പ്രഷർ - ഷുഗർ പോലെയുള്ള രോഗങ്ങൾ ക്രമാതീതമായി പെരുകുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) കേന്ദ്രപദ്ധതിയായ എൻ.പി.സി.ഡി.സി.എസ്. സംസ്ഥാന ആവിഷ്കൃത പദ്ധതിയായ എൻ.സി.ഡി. കൺട്രോൾ പ്രോഗ്രാം എന്നിവയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വ്യാപകമായ ബോധവത്ക്കരണ ശ്രമങ്ങളിലൂടെ ഈ രോഗങ്ങൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കാൻ |

(....2)

| | | | |
|---|---|---|---|
| | | | ശ്രമിക്കുന്നു. 30 വയസ്സിന്മേൽ പ്രായമുള്ള ജനങ്ങളെ സബ് സെന്റർ മുഖേന സ്ക്രീനിംഗ് നടത്തി രോഗസാധ്യത (നേരത്തെ രോഗം കണ്ടെത്തി) ചികിത്സാ നിർദ്ദേശങ്ങളും, മരുന്നും നൽകുന്നു. |
| (സി) | പല അലോപ്പതി മരുന്നുകൾ ഉപയോഗിക്കുന്നത് മൂലം പ്രഷറും ഷുഗറും പെട്ടെന്ന് പിടിപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെ ഫലപ്രദമായി നേരിടാൻ എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) | ചില അലോപ്പതി മരുന്നുകൾ ഉപയോഗിക്കുന്നതുമൂലം ഈ രോഗസാദ്ധ്യത. വർദ്ധിക്കുന്നുണ്ട്. ആയുഷ്/മോഡേൺ മെഡിസിൻ/എൻ.സി.ഡി. ഡോക്ടർമാർ എന്നിവർക്ക് ഇത് സംബന്ധമായ ബോധവത്ക്കരണം നടത്തിവരുന്നു. |
| (ഡി) | ജീവിത ശൈലീ രോഗങ്ങളെ കുറിച്ചും സമൂഹത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മൂല്യങ്ങളെക്കുറിച്ചും വിദ്യാർത്ഥികളിലും യുവജനങ്ങളിലും അവബോധം വളർത്തുന്നതിന് സ്കൂൾ-കോളേജ് തലങ്ങളിൽ വ്യാപകമായ പ്രചാരണം സംഘടിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; | (ഡി) | ജീവിത ശൈലീ രോഗങ്ങൾക്ക് എതിരായുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ സ്കൂൾ-കോളേജ് തലത്തിൽ സംഘടിപ്പിച്ച് വരുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാമുമായി ചേർന്ന് പ്രവർത്തിക്കുവാൻ ധാരണയായിട്ടുണ്ട്. |
| (ഇ) | ആരോഗ്യ ബോധവത്ക്കരണ ക്ലാസുകൾ ഗ്രാമതലങ്ങളിൽ വ്യാപകമാക്കുന്നതിന് പി.എച്ച്.സി.കളുടെ നേതൃത്വത്തിൽ യുവജന ക്ലബ്ബുകളെയും കുടുംബശ്രീ പോലെയുള്ള സംവിധാനങ്ങളെയും ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | ഗ്രാമപ്രദേശങ്ങളിൽ നടത്തുന്ന ബോധവത്ക്കരണ ക്ലാസ്സുകളിൽ കുടുംബശ്രീ/യുവജന ക്ലബ്ബുകൾ എന്നിവ ഉൾപ്പെടെയുള്ള സംഘങ്ങൾക്കാണ് ക്ലാസ്സുകൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ